"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ എരമം-കറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് - ടൈം പൗണ്ട് കീപ്പർ ആയിരിക്കേ മരണമടഞ്ഞ എം.മോഹൻ എന്നവരുടെ വിധവയും ആശ്രിതയുമായ ശ്രീമതി.ചന്ദ്രി പി.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

G.O.(Ms) No.122/2020/LSGD തീയതി,തിരുവനന്തപുരം, 18/08/2020

---

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി. 24/05/1999.
2) സർക്കുലർ നം 6678/ഉപ.സി2/2004/ഉ.ഭ.പ.വ തീയതി 18/05/2004
3) ശ്രീമതി.ചന്ദ്രി പി.പി യുടെ 13/12/2017 ലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 08.06.2018ലെ ഇ14- 3300/18നം. കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ എരമം-കറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് - ടൈം പൗണ്ട് കീപ്പർ ആയിരിക്കേ മരണമടഞ്ഞ എം.മോഹൻ എന്നയാളുടെ വിധവയും ആശ്രിതയുമായ ശ്രീമതി.ചന്ദ്രി പി.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

കണ്ണൂർ ജില്ലയിലെ എരമം-കറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് - ടൈം പൗണ്ട് കീപ്പർ ആയിരിക്കേ 27.04.2014 ലാണ് എം.മോഹൻ മരണമടഞ്ഞത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി 13.12.2017 ലാണ് ശ്രീമതി.ചന്ദ്രി പി.പി അപേക്ഷ സമർപ്പിച്ചത്. അപേക്ഷകയുടെ ജനനതീയതി 01.06.1962ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൾ 1 വർഷവും 8 മാസവും . കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ അശ്രിതൻ മൈനറാണെങ്കിൽ പ്രായ പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷക 1 വർഷവും 8 മാസത്തിന്റെയും കാലതാമസം വരുത്തിയിട്ടുണ്ട്. ശ്രീമതി.ചന്ദ്രി പി.പി യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം സർക്കാർ ജോലി ലഭിക്കുന്നത് സംബന്ധിച്ച് അറിവില്ലായിരുന്നുവെന്നും ആയതിനാലാണ് അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായതെന്നും വിധവയായ തനിക്ക് കുട്ടികൾ ഇല്ലയെന്നും

കുടുംബത്തിലുള്ളവർ സഹായിക്കുന്നതുകൊണ്ടാണ് നിത്യചെലവുകഴിയുന്നതെന്നും ആയതിനാൽ തന്റെ അറിവില്ലായ്മയാൽ സംഭവിച്ച തെറ്റ് മാപ്പാക്കി നിരാലംബയായ തനിക്ക് ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ നൽകുന്നതിന് ഉണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും ശ്രീമതി.ചന്ദ്രി പി.പി 10.01.2018-ൽ ലെ മാപ്പ് അപേക്ഷ പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കണ്ണൂർ ജില്ലയിലെ എരമം-കറ്റൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് - ടൈം പൗണ്ട് കീപ്പർ ആയിരിക്കേ മരണമടഞ്ഞ എം.മോഹൻ എന്നയാളുടെ വിധവയും ആശ്രിതയുമായ ശ്രീമതി.ചന്ദ്രി പി.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ സമർപ്പിക്കാനുണ്ടായ 1 വർഷവും 8മാസത്തിന്റെയും കാലതാമസം സൂചന (2) പ്രകാരം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SHEEBA B**
**DEPUTY SECRETARY**

പകർപ്പ്

------

ശ്രീമതി.ചന്ദ്രി പി.പി . മീത്തലെ പുരയിൽ, ചിതപ്പിലെ പൊയിൽ, പരിയാരം.കണ്ണൂർ (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, എരമം-കറ്റൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ3/215/18/തസ്വഭവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ